(ബി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഇതുവരെ പൂർണ്ണമായും നടപ്പാക്കപ്പെട്ടത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതികൾ നടപ്പാക്കുന്നതിനായി എന്ത് തുക നാളിതുവരെ ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങൾമൂലം ജോലിയും സമ്പാദ്യവും നഷ്ടപ്പെട്ട് മടങ്ങിവരുന്ന മലയാളികളെ പുനരധിവസിപ്പിക്കുന്നതിന് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്.

(സി) ഈ പദ്ധതിയിൽ നാളിതുവരെ സബ്സിഡി ഇനത്തിൽ 6.68 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**വിദേശത്തുനിന്ന് മൃതദേഹം എത്തിക്കുന്ന നടപടി**

88 (1559) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരുടെ മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവന്ന് സംസ്കരിക്കുന്നതിന് സർക്കാർ സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇങ്ങനെയുള്ള മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവരുന്നതിന് വിമാന ടിക്കറ്റ് സർക്കാർ വഹിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ എത്ര മൃതദേഹങ്ങൾ സർക്കാരിന്റെ ചിലവിൽ നാട്ടിൽ എത്തിച്ചിട്ടുണ്ട്;

(സി) വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയർക്ക് അവർ ജോലി ചെയ്തതോ കച്ചവടങ്ങൾ ചെയ്തതോ ആയ രാജ്യങ്ങളിൽ നിന്ന് കിട്ടേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കേരള സർക്കാർ ഇടപെടാറുണ്ടോ; എങ്കിൽ ഇങ്ങനെ എത്ര കേസുകളിൽ ഇടപെട്ടിട്ടുണ്ട് എന്നതിന്റെ വിശദാംശം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരുടെ മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവരുന്നതിന് അപേക്ഷ ലഭിച്ചാലുടൻ പ്രസ്തുത രാജ്യത്തിലെ എംബസിയുമായി ബന്ധപ്പെട്ട് അടിയന്തരമായി മൃതദേഹം നാട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ എംബസി മുഖേനയല്ലാതെ നാട്ടിൽ എത്തിക്കുന്ന മൃതദേഹങ്ങളുടെ കാര്യത്തിൽ, മരണമടഞ്ഞ പ്രവാസിയുടെ കുടുംബത്തിനോ, അയാളുടെ ബന്ധുക്കൾക്കോ മറ്റ് ധനാഗമ മാർഗ്ഗങ്ങളില്ലാത്ത സാഹചര്യത്തിൽ നിബന്ധനകൾക്ക് വിധേയമായി കാരുണ്യം പദ്ധതിയിലൂടെ പരമാവധി 50,000 രൂപ സഹായമായി നൽകുന്നു.

(ബി) ഉണ്ട്. വിദേശരാജ്യങ്ങളിൽ മരണമടയുന്ന ഇന്ത്യാക്കാരുടെ മൃതദേഹങ്ങൾ അതാത് രാജ്യങ്ങളിലുള്ള ഇന്ത്യൻ എംബസി വഴിയാണ് നാട്ടിലെത്തിക്കുന്നത്. ഇന്ത്യൻ എംബസി വഴിയല്ലാതെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനുള്ള ചെലവ് പരമാവധി 50,000 രൂപ പ്രവാസികാര്യ വകുപ്പിന്റെ കാരുണ്യം പദ്ധതി പ്രകാരം സഹായമായി നൽകിവരുന്നു. ഈ പദ്ധതി പ്രകാരം 26-11-2015 വരെ ആകെ 46 പേർക്ക് ധനസഹായം അനുവദിച്ചു.

(സി) വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരുടെ സർവ്വീസ്/ബിസിനസ്സ് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നോർക്ക റൂട്ട്സ് മുഖേനയും സർക്കാർ മുഖേനയും സഹായിക്കുന്നുണ്ട്. സർവ്വീസ് ആനുകൂല്യങ്ങൾ, ശമ്പള കുടിശ്ശിക എന്നിവ ലഭിക്കുന്നതിന് 2014-ൽ നൂറോളം അപേക്ഷകളും 2015-ൽ അൻപതോളം അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിലെല്ലാം ഉടർ നടപടികൾ എംബസിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുണ്ട്.

**വിദേശങ്ങളിൽവച്ച് അപകടത്തിൽപ്പെട്ട് മരിക്കുന്ന മലയാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായം**

89 (1560) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലിക്കുപോയി അപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് ഏതെല്ലാം രീതിയിൽ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ടെന്നും ആയതു കേരളത്തിൽ ഒരാൾ അപകടത്തിൽപ്പെട്ട് മരണമടഞ്ഞാൽ അവരുടെ കുടുംബങ്ങൾക്ക് കിട്ടുന്ന ധനസഹായത്തേക്കാൾ കൂടുതലാണോ എന്നും വ്യക്തമാക്കുമോ;

(ബി) മൃതശരീരം നാട്ടിലെത്തിക്കാനുള്ള ചെലവ് കണക്കിലെടുക്കുമ്പോൾ പ്രസ്തുത കുടുംബങ്ങൾക്ക് നൽകുന്ന തുക വളരെ കുറവാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് തുക പരിഷ്കരിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ;